**പതിനാലാം കേരളനിയമസഭ**

**പതിനെട്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2007 | 11.02.2020-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

**പോക്സോ നിയമം**

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|

(എ) പോക്സോ നിയമത്തിന്റെ ദുരുപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എ) ഇത്തരം സന്ദർഭങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(ബി) കഴിഞ്ഞ ഒമ്പതു വർഷക്കാലയളവിൽ ഓരോ വർഷവും ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്ര; സ്വീകരിച്ച നടപടികൾ എന്തെല്ലാം; എത്രപേരെ കുറ്റക്കാരായി കണ്ടെത്തി; വിശദാംശം വ്യക്തമാക്കുമോ;

(ബി)

| Year | No.of cases registered | No.of Accused Arrested | No.of Persons Charge sheeted | No. of persons convicted |
|---|---|---|---|---|
| 2012 | 77 | 100 | 83 | 12 |
| 2013 | 1016 | 1280 | 1201 | 163 |
| 2014 | 1402 | 1734 | 1588 | 143 |
| 2015 | 1583 | 1856 | 1665 | 122 |
| 2016 | 2122 | 2327 | 2151 | 111 |
| 2017 | 2697 | 2899 | 2735 | 51 |
| 2018 | 3179 | 3426 | 2978 | 10 |
| 2019 | 3609 | 3438 | 1826 | 1 |
| 2020 (up to 31.01.2020 | 361 | 253 | 17 | 0 |

ക്രൈം ബ്രാഞ്ച് നേരിട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസുകൾ

| വർഷം | CB ക്രൈം നമ്പർ | പ്രതികളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|---|
| 2017 | 65/CR/2017<br>80/CR/2017 | 1<br>- | UI<br>FAD |
| 2018 | 20/CR/D/2018<br>21/CR/D/2018 | Un known<br>6 | UI<br>UI |
| 2019 | 359/CR/2019 | 1 | PT |

| | | | |
|---|---|---|---|
| (സി) | പോക്സോ കേസുകൾ വൈരാഗ്യം തീർക്കാനായിഉപയോഗിക്കപ്പെടുന്നതും ആയത് കുട്ടികളെ ദോഷകരമായി ബാധിക്കുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരത്തിൽ കണ്ടെത്തിയ കേസുകൾ കഴിഞ്ഞ സർക്കാർ കാലയളവിലേത് എത്ര ഈ സർക്കാർ കാലയളവിലേത് എത്ര എന്നും വ്യക്തമാക്കാമോ; | (സി) | ഉണ്ട്.<br>ഏതു സർക്കാർ കാലയളവിൽ എന്നതല്ല, മറിച്ച് ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും ഇത്തരം കേസുകൾ അന്വേഷിക്കുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥർ പരമാവധി ജാഗ്രത കാട്ടണമെന്ന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പോക്സോ കേസുകൾ ഒരു വർഷത്തിനകം വിചാരണ പൂർത്തിയാക്കി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കണമെന്ന വ്യവസ്ഥ നിലനിൽക്കെ വർഷങ്ങളായുള്ള കേസുകൾ തീർപ്പാക്കാതെ കിടക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; എത്ര ഉദ്യോഗസ്ഥ രെയാണ് പ്രസ്തുത കാലതാമസ ത്തിന് കാരണക്കാരായി കണ്ടെത്തിയത്; അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; | (ഡി) | 1) കുറ്റകൃത്യത്തിന് ശേഷം പ്രതികൾ ഒളിവിൽ പോകുന്നത്.<br>2) ഫോറൻസിക് ലാബുകളുടെ അപര്യാപ്തത<br>3) രേഖകളും സർട്ടിഫിക്കറ്റുകളും കിട്ടാനുള്ള കാലതാമസം<br>4) ചില കേസുകളിൽ ഇരകൾ കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാൻ സഹകരിക്കാത്തത്<br>പ്രതികളെ തിരിച്ചറിയാൻ കഴിയാത്തതിനാലോ, പ്രതിയെന്ന് സംശയിക്കുന്നവർക്കെതിരെ തെളിവുകൾ ലഭിക്കാത്ത സാഹചര്യത്തിലോ ആണ് നിശ്ചിത കാലയളവിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാൻ കഴിയാതെ വരുന്നത്. |
| (ഇ) | പ്രസ്തുത കേസുകൾ വ്യവസ്ഥകൾ പാലിച്ച് അതിവേഗം തീർപ്പാക്കാനുള്ള സുപ്രീംകോടതി നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ; അതിന്മേൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു? | (ഇ) | Suo Moto WP(Crl.) No.1/2019 കേസിൽ ബഹു. സുപ്രീം കോടതിയുടെ 25.07.2019-ലെ ഉത്തരവിൽ സംസ്ഥാനത്തുടനീളം പോക്സോ കേസുകൾ തീർപ്പാക്കുന്നതിന് 57 അതിവേഗ കോടതികൾ ആരംഭിക്കണമെന്ന നിർദ്ദേശമുണ്ട്. ഇതിൽ ആദ്യഘട്ടമെന്ന നിലയിൽ 28 പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ